**ഭരണഭാഷ- മാതൃഭാഷ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കൻഡറി വിഭാഗം
ജഗതി, തിരുവനന്തപുരം
Email Id: dirdhse.dge@kerala.gov.in
ഫോൺ നമ്പർ :0471- 2580759

നം. HSE/1129/2025-Ad C3 തീയതി : 19-05-2026

## സർക്കുലർ

വിഷയം:പൊ.വി.വ– ഹ.സെ.വി – **എച്ച്.എസ്.എസ്.റ്റി എച്ച്.എസ്.എസ്.റ്റി ജൂനിയർ ഹിസ്റ്ററി** തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനം (2011-15) അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്.

സൂചന : 1. 16/04/2001 തീയതിയിലെ ജി.ഒ (പി) 144/2001 /പൊ.വി.വ നമ്പർ ഉത്തരവ്

2. 01/09/2025 തീയതിയിലെ Civil Appeal No. 1385/2025 ന്മേലുള്ള ബഹു. സുപ്രീംകോടതി ഉത്തരവ്

3. 15/03/2026 തീയതിയിലെ സ.ഉ (കൈ) നം.80/2026/പൊ.വി.വ നമ്പർ ഉത്തരവ്

4. 12/03/2026 തീയതിയിലെ ജെഇ-ജെഎ2/251/2023 – പൊ.വി.വ നമ്പർ സർക്കാർ കത്ത്.

5. പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പിൽ നിന്നുള്ള 24/02/2026 ലെ GE-JA2/269/2025-G. EDN നമ്പർ കത്ത്.

6. പൊതുവിദ്യാഭ്യാസ (സി) വകുപ്പിൽ നിന്നുള്ള 08/05/2026 ലെ GEDN-C1/93/2026-G.EDN നമ്പർ കത്ത്.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവ് പ്രകാരം എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി ജൂനിയർ, സീനിയർ തസ്തികകളിലെ 2011-15 കാലഘട്ടത്തിലെ ബൈട്രാൻസ്ഫർ ഒഴിവുകൾ (ജൂനിയർ-10, സീനിയർ-16) നികത്തിയിരുന്നില്ല. പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സൂചന (5),(6) പ്രകാരം സർക്കാർ നിർദ്ദേശം ലഭ്യമായിട്ടുണ്ട്. **മേൽ ഒഴിവുകൾ 2011-15 കാലഘട്ടത്തിലേത് ആയതിനാൽ സൂചന (1) സ്പെഷ്യൽ റൂൾസ് പ്രകാരം ബൈട്രാൻസ്ഫർ നിയമനങ്ങൾ എച്ച്.എസ്.ടി തസ്തികയിൽ നിന്നും നികത്തേണ്ടതാണ്. പ്രസ്തുത തസ്തികയിൽ അർഹരായ അധ്യാപകർ ഇല്ല എങ്കിൽ ആയതിലേക്ക് യു.പി.എസ്.ടി/എൽ.പി.എസ്.ടി തസ്തികയിലുള്ളവരെ പരിഗണിക്കുന്നതാണ്.**

2. സൂചന (2) സുപ്രീംകോടതി വിധി പ്രകാരം നിലവിൽ എച്ച്.എസ്.ടി, യു.പി.എസ്.ടി/ എൽ.പി.എസ്.ടി തസ്തികയിൽ തുടരുന്ന അധ്യാപകർക്ക് TET യോഗ്യത നിർബന്ധമാണെന്നും 5 വർഷത്തിൽ കൂടുതൽ സർവ്വീസ് ബാക്കിയുള്ള എന്നാൽ TET യോഗ്യത നേടിയിട്ടില്ലാത്ത അധ്യാപകർക്ക് 2 വർഷത്തിനുള്ളിൽ പ്രസ്തുത യോഗ്യത നേടിയാൽ മതിയെന്നും എന്നാൽ ഈ സമയപരിധിക്കുള്ളിൽ TET യോഗ്യത നേടുന്നതിൽ പരാജയപ്പെട്ടാൽ അവർക്ക് സർവ്വീസിൽ തുടരാൻ അർഹതയുണ്ടായിരിക്കുന്നതല്ല എന്നും, ടി അധ്യാപകർക്ക് പ്രൊമോഷന് പരിഗണിക്കണമെങ്കിൽ TET യോഗ്യത നേടിയിരിക്കണമെന്നും ഉത്തരവായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ TET യോഗ്യത നേടാത്ത എച്ച്.എസ്.ടി, യു.പി.എസ്.ടി/ എൽ.പി.എസ്.ടി മാരെ എച്ച്.എസ്.എസ്.ടി തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനത്തിനു പരിഗണിക്കുന്നത് സംബന്ധിച്ച് സർക്കാറിലേക്ക് സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു. ആയതിനു *കെ-ടെറ്റ് യോഗ്യത സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി സർവ്വീസിൽ തുടരുന്നതും 01/09/2025 ന് മുൻപ് പ്രൊമോഷൻ/ബൈട്രാൻസ്ഫർ നിയമനത്തിന് അർഹതയുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അധ്യാപക - അനധ്യാപക ജീവനക്കാർക്ക് അവർ അതത് കാറ്റഗറിയിലെ കെ-ടെറ്റ് യോഗ്യത 01/09/2025 മുതൽ 2 വർഷത്തിനകം നേടണമെന്ന നിബന്ധനയിൽ താത്കാലിക പ്രൊമോഷൻ/ബൈട്രാൻസ്ഫർ നിയമനം അനുവദിക്കുന്നതിന് അനുമതി നൽകി സൂചന (3) പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ താത്കാലിക പ്രൊമോഷൻ/ബൈട്രാൻസ്ഫർ നിയമനം ലഭിച്ചവരുടെ പ്രൊബേഷൻ,ഇൻക്രിമെന്റ് തുടങ്ങിയ ആനുകൂല്യങ്ങൾ കെ-ടെറ്റ് യോഗ്യത നേടിയ ശേഷമേ അനുവദിക്കുകയുള്ളൂ എന്നും നിശ്ചിതസമയ പരിധിക്കകം കെ-ടെറ്റ് യോഗ്യത നേടിയില്ലെങ്കിൽ ഇവരെ പ്രസ്തുത തസ്തികയിൽ നിന്നും revert ചെയ്യുന്നതും ഇവർ പ്രസ്തുത കാലയളവിൽ വാങ്ങിയ ആനുകൂല്യങ്ങൾ തിരിച്ചടക്കേണ്ടതുമാണ് എന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ അതത് കാറ്റഗറിയിൽ കെ-ടെറ്റ് ഉള്ളവർക്ക് സ്ഥിരമായി പ്രൊമോഷൻ നൽകാവുന്നതാണെന്നും ഉത്തരവായിട്ടുണ്ട്.*

3. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഹയർസെക്കൻഡറി ജൂനിയർ, സീനിയർ ഹിസ്റ്ററി **തസ്തികകളിലെ 2011-15 കാലഘട്ടത്തിലെ ബൈട്രാൻസ്ഫർ ഒഴിവുകളിലേക്ക് (സീനിയർ-16, ജൂനിയർ-10)** സൂചന (1) സ്പെഷ്യൽ

റൂൾസ് പ്രകാരം **ആ കാലയളവിൽ** യോഗ്യരായവരും, താത്പര്യം ഉള്ളവരുമായ **എച്ച്.എസ്.ടി, യു.പി.എസ്.ടി/എൽ.പി.എസ്.ടി തസ്തികളിലെ** അധ്യാപകരിൽ നിന്നും ഓൺലൈൻ മുഖേന അപേക്ഷ ക്ഷണിക്കുന്നു.

4. സൂചന (1) ലെ ഹയർ സെക്കൻഡറി സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ച പ്രകാരം ആ കാലയളവിൽ നിശ്ചിത വിദ്യാഭ്യാസ യോഗ്യത നേടിയവർക്കും, ഇപ്പോൾ തുടരുന്ന തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തവർക്കും മാത്രമേ എച്ച്.എസ്.എസ്.റ്റി, എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തികകളിലേക്ക് അപേക്ഷിക്കാൻ അർഹതയുള്ളൂ. എച്ച്.എസ്.ടി, യു.പി.എസ്.ടി/എൽ.പി.എസ്.ടി, തസ്തികകളിൽ നിന്നും അന്തർജില്ലാ സ്ഥലംമാറ്റം വാങ്ങിയവർ ഒഴിവുകൾ ഉണ്ടായ കാലയളവിനുള്ളിൽ നിലവിൽ ജോലി ചെയ്യുന്ന ജില്ലയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തിരിക്കേണ്ടതാണ്.

5 . അപേക്ഷകർ ഇതിനായി പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന സോഫ്റ്റ് വെയറിൽ ഓൺലൈൻ മുഖേന 24/05/2026 മുതൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- അധ്യാപകർ www.hscap.kerala.gov.in എന്ന site ൽ login ചെയ്യുക. ഓപ്പൺ ആകുന്ന വിന്റോയിൽ BY TRANSFER – Icon click ചെയ്യുക. Application registration click ചെയ്ത ശേഷം ആവശ്യമായ വിവരങ്ങൾ enter ചെയ്യുക.
- Enter ചെയ്തിരിക്കുന്ന മൊബൈൽ നമ്പറിലേക്ക് വരുന്ന OTP enter ചെയ്യുക. പുതിയ പാസ് വേർഡ് നൽകി ലോഗിൻ പ്രക്രിയ പൂർത്തിയാക്കാവുന്നതാണ്. ഒരു മൊബൈൽ നമ്പർ ഉപയോഗിച്ച് ഒരു Application മാത്രമേ സമർപ്പിക്കുവാൻ കഴിയുകയുള്ളൂ. ലഭിക്കുന്ന Application number കൃത്യമായും രേഖപ്പെടുത്തി വയ്ക്കേണ്ടതാണ്.
- വിവരങ്ങൾ കൃത്യമായി വായിച്ച് മനസ്സിലാക്കിയ ശേഷം മാത്രം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. പിന്നീടുള്ള തിരുത്തലുകൾ സാധ്യമല്ല. അപേക്ഷയുടെ പ്രിന്റ് ഔട്ട് കോപ്പികളിൽ അപേക്ഷകന്റെ കൺട്രോളിംഗ് ഓഫീസർ (HM/AEO/DEO/) അപേക്ഷകൻ നൽകിയ വിവരം ശരിയാണെന്ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതും, ആയത് സർട്ടിഫിക്കറ്റ് പരിശോധന വേളയിൽ ഹാജരാക്കേണ്ടതുമാണ്.

**<u>അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യാനുള്ള രേഖകൾ</u>**

- വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ (**PG, B.Ed, SET/Special Rules** - ൽ നിഷ്കർഷിച്ചിട്ടുള്ള മറ്റ് യോഗ്യതകൾ, **K-TET/C-TET**)
- **Post Graduate Mark list (Not less than 50%) SC/ST, Physically handicapped, Visually Impaired** ആയിട്ടുള്ള അപേക്ഷകർക്ക് പി.ജി യ്ക്ക് **45%** മാർക്ക് മതിയാകും. (**As per GO (MS) No. 288/15/G.EDN Dated : 13/11/2015**)
- കേരളത്തിനു പുറത്തുനിന്നുള്ള യൂണിവേഴ്സിറ്റിയിൽ നിന്നും നേടിയ യോഗ്യതകളാണെങ്കിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നും നേടിയ **Equivalency Certificate**
- കറസ്പോണ്ടൻസ് വഴിയാണ് വിദ്യാഭ്യാസ യോഗ്യത നേടിയതെങ്കിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നും നേടിയ **Equivalency Certificate**
- **Service Certificate** (മാതൃക ഉള്ളടക്കം ചെയ്യുന്നു) പൂരിപ്പിച്ച് **HM/AEO/DEO**) അപേക്ഷകൻ നൽകിയ വിവരം ശരിയാണെന്ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയത്
- പ്രൊബേഷൻ ഡിക്ലയർ ചെയ്ത ഓർഡർ.
- പി.എസ്.സി അഡ്വൈസ് ഓർഡർ
- ഡി.ഡി. (എഡ്യൂക്കേഷൻ)/ഡി.ഇ.ഒ നൽകിയ നിയമന ഉത്തരവ്
- **IGNOU B.Ed** നേടിയവർ രണ്ട് വർഷത്തെ അധ്യാപക പരിചയത്തിന് ശേഷമാണ് ബി.എഡ് എടുത്തത് എന്ന കൺട്രോളിംഗ് ഓഫീസറുടെ സർട്ടിഫിക്കറ്റ്.
- **SET Exemption** ലഭിക്കുന്നതിനായി എച്ച്.എസ്.ടി യിൽ **10** വർഷം സർവ്വീസ് ഉള്ളതിന്റെ സാക്ഷ്യപത്രം (**HM** സാക്ഷ്യപ്പെടുത്തിയത്).

**6** . <u>മുകളിൽ പറഞ്ഞ അനുബന്ധരേഖകൾ സർട്ടിഫിക്കറ്റ് പരിശോധനാ വേളയിൽ ഹാജരാക്കാത്ത പക്ഷവും, അപേക്ഷയിൽ എന്തെങ്കിലും തെറ്റായ വിവരം നൽകി സീനിയോരിറ്റി ലിസ്റ്റിൽ ഇടം നേടിയിട്ടുണ്ടെന്ന് പിന്നീട് കണ്ടെത്തിയാലും ടി അപേക്ഷകരെ സീനിയോരിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതാണ്.</u>

**7** . <u>അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള **Certificate**- ന്റെ **genuineness**</u>

പരിശോധിക്കുന്നതും ആയതിൽ അപാകതകൾ ഉണ്ടെന്ന് കണ്ടെത്തുന്നപക്ഷം അത്തരം അപേക്ഷകളും നിയമനങ്ങളും റദ്ദ് ചെയ്യുന്നതാണ്.

**8.** എച്ച്.എസ്.ടി, യു.പി.എസ്.ടി യിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യാതെ നിലവിൽ എച്ച്.എസ്.ടി, യു.പി.എസ്.ടി കാറ്റഗറിയിൽ ജോലി ചെയ്ത് വരുന്ന അധ്യാപകർ അവരുടെ പഴയ കാറ്റഗറിയിലെ ലീൻ ഉപയോഗിച്ച് അപേക്ഷ സമർപ്പിക്കാൻ പാടുള്ളതല്ല. നിലവിലെ തസ്തികയിൽ നിന്ന് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**9.** ഓൺലൈൻ മുഖേന തസ്തികമാറ്റ അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി **30/05/2026, 5.00 PM.** സമയപരിധി ദീർഘിപ്പിക്കുന്നതല്ല. സർട്ടിഫിക്കറ്റ് പരിശോധനാ വേളയിൽ മാത്രം അസ്സൽ അപേക്ഷ പൊതുവിദ്യാഭ്യാസ വകുപ്പ് (ഹയർ സെക്കൻഡറി വിഭാഗം) ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്.

**Site Address : www.hscap.kerala.gov.in**

Digitally signed by
RANJAN RAJ R P
Date: 19-05-2026
17:34:20

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**